
# അഗാപെ കൈയ്യെഴുത്തു മാസിക




agape

VOLUME X

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagzine.com

# CONTENTS


1. EDITORIAL
2. ARTICLE - GALAXY
3. ACTS OF THE APOSTLES – A STUDY
4. SPECIAL FEATURE: Missionary Charles Spurgeon
5. QUIZ
6. OLD SONGS
7. CONVENTION NEWS - MFGC


COVER PAGE DESIGN BY JOBI JOHN, DUBAI

## മുഖവുര.

ലോകമെമ്പാടുമുള്ള ക്രൈസ്തവരുടെ വലിയ നോമ്പും ദു:ഖവെള്ളിയും ഈസ്റ്ററും പതിവു പോലെ ഈ വർഷവും കഴിഞ്ഞു. തലമുറകളായി ചെയ്തുവരുന്ന ഒരു ആചാരം എന്നും അവർ കൊടുത്ത സ്തുതിക്കും എന്നതിലുപരി ജീവിതത്തിൽ യാതൊരു മാറ്റവും സംഭവിപ്പിക്കാതെ കടന്നുപോകുകയാണ്. യേശുവിനെ ആരാണ് ക്രൂശിച്ചത് എന്നുള്ള തിരിച്ചറിവ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ കാഴ്ചയിൽ യഹൂദന്മാരെയാണ് കുറ്റക്കാരായിക്കാണുന്നത്. എന്നാൽ പത്രോസിന്റെ ആദ്യത്തെ പ്രസംഗത്തിൽ പറയുന്നത് "അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും അറിഞ്ഞു കൊള്ളട്ടെ." [അപ്പൊ. പ്രവൃത്തികൾ 2:36]

നമ്മുടെ പാപങ്ങൾ നിമിത്തം നരകത്തിലേക്കു പോകുന്നതു കണ്ടു സഹിക്കുവാൻ വയ്യാതെ അവൻ സ്വർഗ്ഗത്തിലെ സകല മഹിമകളും വിട്ടൊഴിഞ്ഞു ഈ താണ ഭൂമിയിൽ വന്നു. ദൈവത്തെയും നമ്മെയും നിരപ്പിക്കുവാൻ തന്റെ ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു. യേശുവിന്റെ മരണം ദൈവത്തിന്റെ പദ്ധതിയായിരുന്നു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

എബ്രായ ലേഖനത്തിൽ നമ്മൾ വായിക്കുന്നത് "ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തികളും ആസ്വദിക്കയും ചെയ്തവർ പിന്മാറിപ്പോയാൽ തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനെ ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല. [എബ്രായർ 6:4-6]

പ്രിയപ്പെട്ടവരെ നമ്മുടെ പാപങ്ങൾ നിമിത്തം അവനെ വീണ്ടും ക്രൂശിക്കാതിരിക്കാം. അവനെ ലോകാപവാദം വരുത്താതെയിരിക്കാം. വർഷത്തിൽ ഒരിക്കലായിട്ടല്ല, ദിനംതോറും ധ്യാനിക്കാം...


അഗാപെ കൈയ്യെഴുത്തു മാസിക
ARTICLE
www.agapemagazine.com

പ്രപഞ്ചം

കഴിഞ്ഞ ദിവസം പത്രം വായിക്കുമ്പോൾ ഒരു കൗതുകകരമായ വാർത്ത ശ്രദ്ധയിൽപ്പെട്ടു. , മറ്റൊന്നുമല്ല ചന്ദ്രനിലേക്ക് മനുഷ്യരെ വിടുന്നതി-നെക്കുറിച്ച്. 2 പേർക്ക് 150 കോടി ഡോളർ. ശാസ്ത്രജ്ഞന്മാർ ഓരോ ദിവസവും ഓരോ പുതിയ ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും കുറിച്ചുള്ള കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ചൊവ്വയിലെ ജലസാന്നിധ്യത്തെക്കുറിച്ച്, അവിടെ മനുഷ്യർക്ക് ജീവിക്കുവാൻ പറ്റുമോ എന്നുള്ള ഗവേഷണങ്ങൾ, എന്നുവേണ്ട അവരുടെ അന്വേഷണം തീരുന്നതേയില്ല.


എന്നാൽ ഒരു ആത്മീകന്റെ കണ്ണുകൾ ഏതിലും നടക്കുന്ന കാര്യങ്ങൾ വിലയിരുത്തുന്നത് എപ്പോഴും ദൈവവചനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. മുകളിലെ വാർത്തയെക്കുറിച്ച് ഒന്നു ചിന്തിച്ചപ്പോൾ അറിയാതെ ഓർത്തുപോയി യോഹന്നാന്റെ സുവിശേഷം 1:12-ൽ പറഞ്ഞിരിക്കുന്നത് "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." ഈ സകല ലോകത്തെയും ഒന്നുമില്ലായ്മയിൽ നിന്നു സൃഷ്ടിച്ച ദൈവം എന്റെ അപ്പനാണെന്നുള്ള തിരിച്ചറിവ്, നമ്മെ ഒന്നു ചിന്തിപ്പിക്കുവാൻ ഇടയാകും. മനുഷ്യന്മാർ ഇന്നു ലക്ഷ്യമിടുന്നതും ദുഃഖവും ദുരിതവും കെട്ടുകുന്നതുമായ ഈ ഭൂമിയിൽ നിക്ഷേപം കരുതുന്നതെന്നുള്ളത്.

ഈ പ്രപഞ്ചത്തിൽ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചത്. പതിനായിരം കോടി നക്ഷത്രങ്ങളും, അതിന്റെ ആകെ ദൂരമാവട്ടെ ഇരുപത് ലക്ഷം കോടി പ്രകാശ വർഷം അകലെയാണെന്നും ഒക്കെ ഇവർ നമുക്ക് പറഞ്ഞു തരുമ്പോൾ ഒന്നു ചിന്തിക്കാം ഈ പ്രപഞ്ചം എത്രയോ വലുതാണെന്നും ഇതിനെ സൃഷ്ടിച്ചത് എന്നെയും നിങ്ങളെയും ദൈവമാണെന്നുള്ള അറിവ്, നമുക്ക് ഈ ചെറിയ സ്ഥലത്ത് ആശ്രയം വയ്ക്കാതിരിക്കുവാൻ ഇടയാകട്ടെ.

പൗലോസ് ദൈവദാസൻ പറഞ്ഞതു, ഈ വ്യക്തി ദൈവത്തിന്റെ ഭവനത്തിന്റെ ഒരു ചുമരോട്ടം മാത്രമാണെന്നും അങ്ങനെ എത്രയോ ആയിരം വ്യക്തികൾ ചേർന്നുണ്ടാകുന്നത് ദൈവത്തിന്റെ ഭവനത്തിന്റെ അന്തസ്സ് എന്തൊക്കെ ആർക്കറിയാം. "ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. കർത്താവിന്റെ മനസ്സറിഞ്ഞവൻ ആർ? അവനു മന്ത്രിയായിരുന്നവൻ ആർ? സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ. അവനു എന്നേക്കും മഹത്വം ആമേൻ. [റോമർ 11:33-36]

യേശു കർത്താവു പറഞ്ഞത് ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവനു എന്തു പ്രയോജനം. ഇതിന്റെ വ്യക്തത എത്ര വലുതാണെന്ന് നാം മനസ്സിലാക്കുവാൻ പോകുന്നതേയുള്ളൂ ചന്ദ്രനിൽ പോയി വരുന്നതിനു 750 കോടി രൂപയോളം ചിലവാകുമെങ്കിൽ ഈ പ്രപഞ്ചത്തെ മുഴുവനായി നിർമ്മിച്ചവൻ പറയുന്നു സകല ലോകവും നമ്മുടെ പേരിൽ നേടിയാലും നമ്മുടെ ആത്മാവിന്റെ വില അതിലും മേലെയാണ്.

സകലത്തിനും നാം അവകാശികൾ ആകേണ്ടതിനു നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ. നാം ഓരോരുത്തരും അവനോടു കൂടെ പങ്കാളികളാകേണ്ടതിനു അവൻ ഈ താണ ലോകത്തേക്കു കടന്നുവന്നു ദൈവത്തെയും നമ്മെയും തമ്മിൽ നിരപ്പിച്ചു. മക്കൾ എന്നുള്ള സ്ഥാനം നേടിത്തന്നു.


അഗാപെ കൈയ്യെഴുത്തു മാസിക
ACTS OF THE APOSTLES-A STUDY
www.agapemagazine.com

അപ്പൊസ്തല പ്രവൃത്തികൾ - ഒരു പഠനം.

ദൈവനാമത്തിന് വീണ്ടും മഹത്വം കരേറുന്നു. അപ്പൊ. പ്രവൃത്തികൾ വീണ്ടും ചിന്തിക്കുവാൻ ദൈവം അവസരം നല്കിയതിനായ് സ്തോത്രം. കഴിഞ്ഞ പ്രാവശ്യം ചിന്തിച്ചു നിർത്തിയത് 1ാം അദ്ധ്യായം 8ാം വാക്യം. അതിന്റെ പ്രാധാന്യം നമുക്കു ഒരു ശിഷ്യന്റെ ദൗത്യത്തെക്കുറിച്ച്; യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ഭൂമിയുടെ അറ്റത്തോളവും അവന്റെ സാക്ഷികൾ ആകുക എന്നുള്ളത്. കർത്താവിന്റെ ഭൗമിക ജീവകാലത്തിലെ അവസാനമായി താൻ ശിഷ്യന്മാരോട് പറഞ്ഞ വചനങ്ങൾ എന്നതുകൊണ്ടും ഈ വാക്യം വളരെ പ്രാധാന്യമർഹിക്കുന്നു.

ഈ പ്രാവശ്യം നമുക്ക് 9 മുതൽ 11 വരെ വാക്യങ്ങൾ ചിന്തിക്കാം.
"ഇതു പറഞ്ഞ ശേഷം അവർ കാൺകെ അവൻ ആരോഹണം ചെയ്തു; ഒരു മേഘം അവനെ മൂടീട്ടു അവൻ അവരുടെ കാഴ്ചയ്ക്കു മറഞ്ഞു. അവൻ പോകുന്നേരം അവർ ആകാശത്തിലേക്ക് ഉറ്റുനോക്കുമ്പോൾ വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു. ഗലീല പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നതു എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതു പോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു."

ശിഷ്യന്മാരെ തങ്ങളുടെ ദൗത്യം ഏൽപ്പിച്ചതിനു ശേഷം അവർ കാൺകെ യേശുകർത്താവ് ആരോഹണം ചെയ്തു. ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞ കർത്താവു തന്റെ സ്വർഗ്ഗത്തിലേക്കുള്ള യാത്രയും അവരിൽ നിന്ന് മറച്ചുവെച്ചില്ല. ആരോഹണത്തിനും അവർ സാക്ഷികളായി.

2 രാജാക്കന്മാരുടെ പുസ്തകം 2:9-10 വാക്യത്തിൽ നമ്മൾ ഏലിയാവിനെക്കുറിച്ച് കാണുന്നുണ്ട്. യഹോവയായ ദൈവം ഏലിയാവിനെ ചുഴലികാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുക്കുന്നതിനു മുമ്പ് ഏലിയാവ് എലീശയോട് ചോദിക്കുന്നു. ഞാൻ നിങ്കൽ നിന്നു എടുത്തു കൊള്ളപ്പെടും മുമ്പെ ഞാൻ നിനക്ക് എന്ത് -

ചെയ്തു തരേണം? . അതിന് ഏലീശാ, നിന്റെ ആത്മാവിന്റെ ഇരട്ടി പങ്കു എന്റെ മേൽ വരുമാറാകട്ടെ. അതിന് ഏലീയാവു, നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചതു. ഞാൻ നിങ്കൽ നിന്നു എടുത്തു കൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ നിനക്കു അങ്ങനെ ഉണ്ടാകും. അല്ലെന്നു വരികിൽ ഉണ്ടാകയില്ല.

എന്തിനായാണ് ഏലീശാ ഏലീയാവിൽ നിന്നും തന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് ചോദിച്ചത്. ഏലീയാവു് സ്വർഗ്ഗത്തിൽ എടുക്കപ്പെടുമ്പോൾ മുതൽ സ്വർഗ്ഗത്തിന്റെ സ്ഥാനാപതി (അംബാസിഡർ) ഞാനായിരിക്കും. ഈ ജനത്തെ, തന്റെ ശിഷ്യന്മാരെ, സ്വർഗ്ഗീയ ദൗത്യത്തിലേക്കു നടത്തുക എന്ന ഉത്തരവാദിത്വം നിറവേറ്റുവാൻ ആത്മാവിന്റെ ഇരട്ടി പങ്കു ആവശ്യമാണ്.

യേശു കർത്താവും ശിഷ്യന്മാർക്കും ഇതേ ദൗത്യമാണ് കൊടുത്തത്. ദൈവത്തിന്റെ സ്ഥാനാപതിയാകുവാനുള്ള ഉത്തരവാദിത്വം. ഏലീയാവു എടുക്കപ്പെടുന്നതു ഏലീശ കണ്ടതുപോലെ യേശുവിന്റെ ശിഷ്യന്മാരും കാണ്കയാണ് കർത്താവ് കടന്നു പോകുന്നത്. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതുപോലെ അടുത്ത അദ്ധ്യായത്തിൽ നമുക്ക് കാണുവാൻ സാധിക്കും ആത്മാവിനെ ലഭിക്കുന്നത്. യേശുവിനെ ഈ ലോകത്തിൽ പ്രതിനിധീകരിക്കുവാനുള്ള കൃപ അവർക്ക് ലഭിച്ചു.

ഈ കാലത്തിലും നമുക്ക് ഓരോരുത്തർക്കും ആവശ്യമായിരിക്കുന്നത് ആത്മാവിന്റെ ഇരട്ടി പങ്കാണ്. യേശുവിനെ ഈ ലോകത്തിൽ പ്രതിനിധീകരിക്കുവാൻ അവന്റെ സ്ഥാനാപതികളാകുവാനുള്ള അവകാശം. അവന്റെ സുവിശേഷത്തിന്റെ പങ്കാളിയാകുവാനുള്ള വലിയ അനുഗ്രഹം നമുക്കും നേടിയെടുക്കണം.

ഞാൻ സുവിശേഷത്തിന്റെ പങ്കാളിയാകുമ്പോൾ മഹത്വവാനായ ദൈവം എന്നോടും സംസാരിക്കും. തന്റെ സ്നേഹിതനായ അബ്രഹാമിനോട് താൻ ചെയ്വാനിരിക്കുന്നത് ~~മറച്ചു വെക്കാത്ത~~ മറച്ചു വയ്ക്കാത്തതു ~~പോലെ~~ പോലെ (ഉല്പത്തി 18:17) നിശ്ചയമായും എന്നോടും മറച്ചു വെക്കുകയില്ല.

കാരണം നാമും അവനെ പോലെ ഉള്ളവരാകുകയാണ്. അതിനു വേണ്ടിയാണ് പരിശുദ്ധാത്മാവിനെ നമുക്ക് അച്ചാരമായി നൽകുന്നത്.

ശിഷ്യന്മാർ ഉറ്റു നോക്കുമ്പോൾ അവൻ അവരുടെ കാഴ്ചയ്ക്കു മറഞ്ഞു. വികാര നിർഭരമായ ഒരു നിമിഷമായിരിക്കും. തങ്ങളുടെ പ്രാണപ്രിയനായ യേശു അവരെ വിട്ടു ലോകസ്ഥാപനത്തിനു മുമ്പേ പിതാവിന്റെ സന്നിധിയിൽ താനിരുന്ന മഹത്വത്തിലേക്കു പോകയാണ്. അവരോടു ദിവസങ്ങൾക്കു മുമ്പേ പറഞ്ഞതു പോലെ തങ്ങളുടെ ഹൃദയം കലങ്ങിപ്പോയിരിക്കാം. ഏറെ നിയമിച്ചിട്ടും പത്രോസ് തള്ളിപ്പറഞ്ഞിട്ടുപോലും, പത്രോസ് മരണം കഴിഞ്ഞാൽ മറ്റുള്ളവർക്കും പിടിച്ചു നിൽക്കുവാൻ കഴിഞ്ഞിട്ടില്ല. യേശു അത്രമേൽ സ്നേഹിച്ചു പോയിരുന്നു. എല്ലാവരും ഹൃദയം പിളർന്നു ~~നിൽക്കുമ്പോൾ~~. നിൽക്കുകയാണ്. ഇന്നുവരെ ഇങ്ങനെ ഒരു ഏകാന്തത അനുഭവിക്കേണ്ടി വന്നിട്ടില്ല. എന്നാലിപ്പോൾ.. ഒരു ശൂന്യത.... പിന്നാലെ ഞാൻ നിങ്ങളെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല എന്നു പറഞ്ഞവൻ വാക്കു മാറ്റുമോ? അവർ ആകാശത്തേക്കു നോക്കി നിൽക്കുമ്പോൾ തന്നെ വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു.


ഏറെ പ്രതിസന്ധികളുടെ, ഏറെ അനാഥത്വം നിറയുന്ന അവസ്ഥകളുടെ, ജീവിതത്തിൽ പ്രിയപ്പെട്ട വ്യക്തികൾ ഉപേക്ഷിക്കുന്ന ഘട്ടങ്ങളുടെ, ~~ഏ~~ അതിന്റെ ഏറ്റവും നടുവിൽ തീർച്ചയായും കല്പിക്കുന്ന ഒരു ക്രിസ്തു ദൂതൻ. ശിഷ്യന്മാർ ഹൃദയം കലങ്ങി നിൽക്കുമ്പോൾ അവരുടെ അടുക്കലേക്ക് ആശ്വാസ വചനങ്ങളുമായി അത്രയുമല്ല, പ്രത്യാശയുടെ വാക്കുകളുമായി രണ്ടു ~~ദൂ~~ ദൂതന്മാരെ അയയ്ക്കുകയാണ്. അവർ ചോദിക്കുന്നത്, ഗലീല പുരുഷന്മാരെ നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നതെന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതു പോലെ തന്നെ അവൻ വീണ്ടും വരും. എന്നു പറഞ്ഞു.

ലോകചരിത്രത്തിൽ ഇന്നുവരെ കേൾക്കാത്തതും ഇനിയും കേൾക്കുവാൻ പറ്റാത്തതുമായ തന്റെ പതിനായിരക്കണക്കിന് ശിഷ്യന്മാരുടെ ഹൃദയങ്ങളെ എപ്പോഴും സ്പർശിച്ചിരുന്നതുമായ ജീവനുള്ളൊരു വചനം. "ഈ ലോകത്തിനെ വീണ്ടും കാണുമെന്നുള്ള പ്രത്യാശ." അവന്റെ സ്വർഗ്ഗാരോഹണത്തിനു 100 പരം ശിഷ്യരാണ് കണ്ടതെങ്കിൽ, അവന്റെ തിരിച്ചുവരവു ദർശിക്കുവാൻ പറ്റാത്ത തന്റെ ശിഷ്യന്മാർ നേരിൽ കാണുവാൻ പോകയാണ്.

ലോകകർത്താവിന്റെ ജനനത്തിങ്കൽ ഒരു ദൂതൻ വന്നു മറിയത്തോടു പറഞ്ഞുവെങ്കിൽ അവന്റെ രണ്ടാമത്തെ വരവു ശതകോടി ദൂതന്മാരാണ് പറഞ്ഞിരിക്കുന്നത്. ആരുടെയും സാക്ഷ്യത്താൽ ഒരു കാര്യവും തീർപ്പാകും. ഈ പ്രാവശ്യം ഞാൻ അവനെ കാണുവാൻ പോകയാണ്. ഇനിയും താമസമില്ല. വാഗ്ദത്തം നിറവേറുവാൻ ______ പോകുന്നു.

ഈ ലോകം തിരിച്ചുവരുന്നു. അവന്റെ വരവിങ്കൽ എടുക്കപ്പെടുവാൻ ഒരുങ്ങിയിട്ടുണ്ടോ? ദൈവത്തിനോടു കൂടെ നടക്കും ഒരു ഉറപ്പുണ്ടോ? ഞാൻ തന്നെ അവനെ കാണും എന്നുള്ള ഉറപ്പ്. അന്യനല്ല എന്റെ സ്വന്തകണ്ണു അവനെ കാണും എന്നുള്ള ഉറപ്പ്....

ദൈവം ഏവരെയും ഇതിനായി സജ്ജരാക്കട്ടെ!


അഗാപെ കൈയ്യെഴുത്തു മാസിക
SPECIAL FEATURE: Missionary
Charles Spurgeon
www.agapemagazine.com

മിഷനറി ചരിത്രം. ചാൾസ് സ്പർജൻ.

1834- ജൂൺ 19ന് ജനിച്ച ചാൾസ് സ്പർജൻ ഒരു ബ്രിട്ടീഷ് ക്രിസ്തീയ സുവിശേഷകൻ ആയിരുന്നു. പല ക്രിസ്തീയ വിഭാഗങ്ങളിലും സ്വാധീനം ചെലുത്തിയിരുന്ന അദ്ദേഹം 'പ്രസംഗകരുടെ രാജകുമാരൻ' എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്നു. ആദ്ധ്യാത്മികതയിലും ദൈവശാസ്ത്രത്തിലും ചെലുത്തുന്ന നവീകരണവാദവും ലൗകിക പ്രവണതക്കും എതിരായി പ്രവർത്തിച്ചിരുന്ന ഒരു ഉപദേശിയായിരുന്നു ചാൾസ്.

തന്റെ ജീവിതത്തിൽ ഒരു കോടിയിലധികം പേരോട് സുവിശേഷം പ്രസംഗിക്കുകയും ചെയ്തിരുന്നു. ആഴ്ചയിൽ പത്തിലധികം സ്ഥലത്ത് പ്രസംഗിച്ച ചാൾസ്, പല വിവാദങ്ങളിലും പെട്ട് സ്വന്തം വിഭാഗം വിടേണ്ടിയും വന്നിട്ടുണ്ട്. 1857-ൽ ഒരു ധർമ്മ സ്ഥാപനം സ്ഥാപിച്ച ചാൾസ് ഒരു വിദഗ്ദ്ധ പ്രാസംഗികനും ഗ്രന്ഥരചയിതാവും ആയിരുന്നു. ശ്രോതാക്കളെ സ്വാധീനിക്കുവാനുള്ള വിരുത അദ്ദേഹത്തിന്റെ പ്രസംഗത്തി-നുണ്ടായിരുന്നു. ഇന്നു മാത്രമല്ല, ക്രിസ്തീയ പ്രഭാഷകരിൽ മുമ്പന്തിയിൽ എണ്ണപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ [illegible] പല ഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ടു കഴിഞ്ഞു. പ്രാർത്ഥനകൾ, ഗാനങ്ങൾ, കവിതകൾ, ആത്മകഥ, പുസ്തകങ്ങൾ എന്നിവ അദ്ദേഹം രചിച്ചിട്ടുണ്ട്.

തുടക്കം:

1850 ജനുവരി 6നാണ് 16 വയസ്സുകാരനായ ചാൾസ് കനത്ത മഞ്ഞു കാരണം താൻ യാത്ര ചെയ്തിരുന്ന മാർഗ്ഗം മാറി വേറൊരു വഴിയായി ചെന്നെത്തിയത് കോൾചെസ്റ്ററിലെ ഒരു കൊച്ചു ചാപ്പലിൽ ആയിരുന്നു. അവിടെ കേട്ട വചനം യെശയ്യാവ് 45:22 "ഭൂമിയുടെ അതിരുകളേ, എന്നിലേക്കു തിരിഞ്ഞു രക്ഷപ്പെടുക. ഞാനാണു ദൈവം;

ഞാനല്ലാതെ മറ്റൊരു ദൈവം ഇല്ല" എന്ന വചനം തന്റെ മനസ്സിൽ തട്ടി. പിന്നീട് അതേ വർഷം ഏപ്രിൽ 4-ന് ചർച്ചിൽ അംഗമാവുകയും മെയ് 3-ന് സ്നാനപ്പെടുകയും ചെയ്തു. അതേ വർഷം കേംബ്രിഡ്ജിൽ സൺഡേ സ്കൂൾ അദ്ധ്യാപകൻ ആവുകയും ചെയ്തു. 1851-ൽ വാട്ടർ ബീച്ചിലെ ഒരു ചെറിയ ഇടവകയുടെ പാസ്റ്ററായി സ്ഥാനമേൽക്കുകയും ചെയ്തു. 1853-ൽ ആദ്യ പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു.

ന്യൂ സ്ട്രീറ്റ് ചാപ്പൽ

1854-ൽ ലണ്ടനിലെ അന്നത്തെ ഏറ്റവും വലിയ ബാപ്റ്റിസ്റ്റ് സഭയായിരുന്നു "ന്യൂ പാർക്ക് സ്ട്രീറ്റ് ചാപ്പൽ". മതപരിവർത്തനത്തിന് ശേഷമുള്ള നാലാമത്തെ വർഷം തന്നെ ഇരുപതാമത്തെ വയസ്സിൽ ലണ്ടനിലെ ഏറ്റവും വലിയ സഭയുടെ പാസ്റ്ററായി നിയമിക്കപ്പെട്ടു. ഏതാനും മാസങ്ങൾക്കകം പ്രഭാഷകൻ എന്ന നിലക്ക് പ്രസിദ്ധിയാർജ്ജിച്ചു. ആദ്യ വർഷം തന്നെ "പ്രസംഗപീഠം" എന്ന പേരിൽ പ്രഭാഷണങ്ങളെല്ലാം പ്രകാശനം ചെയ്തു. അദ്ദേഹത്തിന്റെ സുവിശേഷ പ്രഭാഷണങ്ങൾ ആഴ്ചതോറും പ്രസിദ്ധപ്പെടുത്തുകയും അത് വളരെയധികം പ്രചാരം ആർജ്ജിക്കുകയും ചെയ്തു. 1892-ൽ അദ്ദേഹം മരിക്കുമ്പോഴേക്കും 3600 സുവിശേഷ പ്രഭാഷണങ്ങൾ നടത്തുകയും ~~Au~~ സുവിശേഷ വിവരണങ്ങളുടെയും വിശദീകരണങ്ങളുടെയും ഭക്തി ലേഖനങ്ങളുടെയും 49-ൽ പരം വാല്യങ്ങൾ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തിരുന്നു.

തന്റെ ജീവിതത്തിൽ വളരെയധികം വിമർശനങ്ങളെ നേരിടുകയും ചെയ്തു ചാൾസ് സ്പർജൻ. അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ മാധ്യമങ്ങൾ നിശിതമായി വിമർശിച്ചിരുന്നു. ലോകം കേൾക്കുന്ന നന്മ പഠിപ്പിച്ചതനുസരിച്ച് ജീവിക്കുവാൻ മനുഷ്യരോട് ആഹ്വാനം ചെയ്യുന്ന തരത്തിലുള്ള പ്രസംഗങ്ങളായിരുന്നു അവ. കടുത്ത വിമർശനങ്ങൾക്കു നടുവിലൂടെ സഭ അദ്ദേഹത്തിന്റെ -

നേതൃത്വത്തിൽ വളർന്നു. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ചാൾസ് പതിനായിരത്തിൽ പരം ആളുകൾക്കു മുമ്പിൽ സുവിശേഷം പ്രസംഗിച്ചു.

1856-ൽ റോബർട്ട് തോംസൺ-ന്റെ മകൾ സൂസന്നയെ വിവാഹം കഴിക്കുകയും 1856 സെപ്റ്റംബർ 20ന് ഇരട്ടക്കുട്ടികൾ ജനിക്കുകയും ചെയ്തു. 1856 ഒക്ടോബർ 19-നുണ്ടായ ഒരു വലിയ അപകടം ചാൾസിന്റെ ജീവിതത്തെ വളരെയധികം വിഷാദത്തിലാഴ്ത്തി. അന്ന് സറേ ഗാർഡൻസ് മ്യൂസിക് ഹാളിൽ സുവിശേഷം പ്രസംഗിക്കുമ്പോൾ ഒരാൾ "തീ" എന്നു നിലവിളിച്ചു. പരിഭ്രാന്തരായ ജനം എഴുന്നേറ്റോടുകയും അനേകം പേർ മരിക്കുകയും ചെയ്തു. ഈ സംഭവം അദ്ദേഹത്തിന് വളരെയധികം മനക്ലേശം ഉണ്ടാക്കി.

1857-ൽ ഒരു പാസ്റ്റേഴ്സ് ........ കോളേജ് സ്ഥാപിച്ചു. 1923 മുതൽ അത് സ്പർജൻ കോളേജ് എന്ന് അറിയപ്പെട്ടു. 1861 മാർച്ച് 18ന് ഏറ്റവും വലിയ ആരാധനാലയമായ "മെട്രോപൊളിറ്റൻ ടേബർനാക്കൾ" പണിയപ്പെടുകയും സഭ അങ്ങോട്ടു മാറുകയും ചെയ്തു. തന്റെ പ്രസംഗങ്ങളിൽ ഒരിക്കലും അദ്ദേഹം ദൈവവിളിയിലേക്ക് ആഹ്വാനം നല്കിയിരുന്നില്ല. എന്നാൽ എല്ലാ തിങ്കളാഴ്ചയും ഒരാളെങ്കിലും അദ്ദേഹത്തെ ഇതിനായി സമീപിച്ചിരുന്നു.

എല്ലാ പ്രസംഗങ്ങൾക്കും മുന്നോടിയായി അവ എഴുതി തയ്യാറാക്കിയിരുന്നെങ്കിലും, പ്രസംഗവേദിയിൽ ഒരു ചെറിയ കടലാസു മാത്രമേ ചാൾസ് കൊണ്ടുപോയിരുന്നുള്ളൂ. പ്രസംഗശേഷം സ്റ്റെനോഗ്രാഫർമാർ എഴുതിയെടുത്തവയെ അവലോകനം ചെയ്തതിനു ശേഷം പ്രസിദ്ധപ്പെടുത്തിയിരുന്നു.


സ്പർജൻ അനേകം ഭക്തിഗാനങ്ങളും രചിച്ചിരുന്നു. 1866-ൽ "നമ്മുടെ സ്വന്തം ഭക്തിഗാനങ്ങൾ" എന്ന പേരിൽ ഒരു പുസ്തകവും പ്രസിദ്ധീകരിച്ചു. അവയിൽ പലതും ഐസക് വാട്ട്സിന്റെ സങ്കീർത്തനങ്ങളും, ചാൾസിന്റെ മുൻഗാമി ജോൺ റിപ്പോൺ-ന്റെ തിരഞ്ഞെടുത്ത കീർത്തനങ്ങളു-മായിരുന്നു. വാദ്യോപകരണങ്ങളുടെ അകമ്പടിയില്ലാതെ ആരെയും

സ്വാമിനിക്കുകയും പങ്കുചേരുവാൻ പ്രേരിപ്പിക്കുന്ന തരത്തിലായിരുന്നു ചാൾസ് സഭയിൽ പാടിയിരുന്നത്. റിവൈവൽ എന്ന ഗാന സമാഹാരം വളരെയധികം വിമർശനം നേരിട്ടിരുന്നു. അന്നത്തെ സഭാപിതാക്കന്മാർക്ക് വിരുദ്ധമായി ഈ ലോകത്തിന്റെ നിലനിൽപ്പ് മറ്റേ ശക്തി ദൈവമാണെന്ന് തെളിയിക്കുവാൻ എന്ന അർത്ഥമുള്ള ഗാനങ്ങളായിരുന്നു അതിൽ അടങ്ങിയിരുന്നത്. ആ വിമർശനങ്ങൾക്ക് മറുപടിയായി അദ്ദേഹം പറഞ്ഞത് ശ്രദ്ധേയമായിരുന്നു "സത്യത്തെ നാം ഇരുമ്പ് കയ്യുറകൾ അണിഞ്ഞ കൈകൾ കൊണ്ട് കൈകാര്യം ചെയ്യണം. ഈ കയ്യുറകൾ മനോഹരമായും സൗമ്യതയോടും നിർമ്മിക്കപ്പെട്ടവയാകണം. കുരിശിന്റെ സൈനികരായി മുന്നോട്ട് നീങ്ങുവിൻ, സൈന്യങ്ങളുടെ രാജാവ് നിങ്ങളുടെ തലവനാണ്."

ജോർജ് മിട്ടൺ മുള്ളർ-ന്റെ ജീവിതത്തിലെ മിഷനറി സേവനം സാമ്പത്തികവും ആത്മീയവുമായ സഹായം അദ്ദേഹം നൽകിയിരുന്നു. പ്രസിദ്ധമായ "സ്റ്റോക്ക്‌വെൽ ഓർഫനേജ്" ആദ്യം തുടങ്ങിയത് 1867-ൽ ആൺകുട്ടികൾക്കായും, പിന്നീട് 1879-ൽ പെൺകുട്ടികൾക്കായും ഓരോ അനാഥാലയം സ്ഥാപിച്ചെങ്കിലും രണ്ടാം ലോക മഹായുദ്ധത്തിൽ തകർക്കപ്പെട്ടു. പുനഃസ്ഥാപിക്കപ്പെട്ട ഈ അനാഥാലയം "സ്പർജന്റെ ശിശുക്ഷേമ സ്ഥാപനം" എന്ന പേരിൽ ഇന്നും അറിയപ്പെടുന്നു. 1873-ൽ മരണപ്പെട്ട സുവിശേഷ പ്രസംഗകനായ ഡേവിഡ് ലിവിങ്സ്റ്റൺ എഴുതിയിട്ടുള്ള ചാൾസിന്റെ പുസ്തകങ്ങൾ പ്രേഷിത വേലയിൽ കൈവശം വെച്ചിരുന്നു. അത്ര തീവ്രവും ശക്തവും എന്നാൽ സരളവും ആയിരുന്നു ചാൾസിന്റെ പ്രഭാഷണങ്ങൾ.

1892 ജനുവരി 31-ന് ചാൾസ് മരിച്ചതിനു ശേഷം, അദ്ദേഹത്തിന്റെ മകൻ തോമസ് മെട്രോപൊളിറ്റൻ ടാബർനാക്കിളിന്റെ പാസ്റ്ററായി സ്ഥാനമേറ്റു. ചാൾസ് സ്പർജൻ എന്ന മഹാ പ്രേഷിതന്റെ ഭൗതിക ശരീരം ലണ്ടനിലെ വെസ്റ്റ് നോർവുഡ് സെമിത്തേരിയിൽ അടക്കപ്പെട്ടു.

വിവർത്തനം. ഷീന മാത്യു മുംബൈ.


അഗാപെ കൈയ്യെഴുത്തു മാസിക
Psalm 83
A song. A psalm of Asaph.
1 O God, do not keep silent;
be not quiet, O God, be not still.
2 See how your enemies are astir,
how your foes rear their
heads.
QUIZ
Email id: agape.magasine@gmail.com

## ചോദ്യാവലി.

1. ബെർന്നബാസ് എന്ന പേരിന്റെ അർത്ഥമെന്ത്?
2. പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ചതുകൊണ്ട് ഒരേദിവസം മരിച്ച ഭാര്യയും ഭർത്താവും ആരൊക്കെ?
3. "ഞാൻ നിന്റെ നടുവിൽ താഴ്മയും ദാരിദ്ര്യവും ഉള്ളോരു ജനത്തെ ശേഷിപ്പിക്കും അവർ യഹോവയുടെ നാമത്തിൽ ശരണം പ്രാപിക്കും." വേദഭാഗം കണ്ടുപിടിക്കുക.

ഉത്തരങ്ങൾ അയക്കേണ്ട വിലാസം agape.magasine@gmail.com, അല്ലെങ്കിൽ agape@agapemagazine.com

കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ഉത്തരങ്ങൾ:

1. യേശുവിന്റെ 12 ശിഷ്യന്മാരിൽ 2 പേർ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരായിരുന്നു. അവരിൽ ഒരാളുടെ പേര് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ ശിഷ്യന്റെ പേര്?
   അന്ത്രെയാസ് [യോഹന്നാൻ 1:40]
2. യേശുവിന്റെ 2 ശിഷ്യന്മാരുടെ മരണ വിവരം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആരുടെയൊക്കെ? എങ്ങനെ?
   a. ഈസ്കര്യോത്താ യൂദാ. കെട്ടിഞാന്നു ചത്തു [മത്തായി 27:5]
   b. യാക്കോബ്. ഹെരോദാരാജാവു വാളുകൊണ്ടു കൊന്നു. [അപ്പ. പ്രവൃത്തികൾ 12:2]
3. യേശുവും യോഹന്നാൻ സ്നാപകനും തമ്മിലുള്ള പ്രായ വ്യത്യാസം?
   ആറു മാസം.

അഗാപെ കൈയ്യെഴുത്തു മാസിക



# OLD SONGS

web : www.agapemagzine.com

## പുതിയ പാട്ടുകൾ.

1. പാതകരേ! മക്കളേ
നിന്നുടെ ദുഃഖമെവിടെ
കുഞ്ഞാട്ടിൻ നിണം കോടതൻ ദൈവർക്കു
സംഹാരകൻ കടന്നുപോയ്
ദുഃഖത്തിൻ ലോകം പ്രയാസലോകം
ദൈവത്തിൻ കൂടാരത്തിൽ വന്നും പുകഴ്ത്താം
ഭക്തരാജനായ് സേനയിൻ വീരനായ്
കർത്തൻ താനവർക്കുണ്ടേ

I. ദീർഘമാം വേദനയും
മിന്നലും മൗന നിദ്രയും
ദീപത്തിലായ് ദുഃഖം ചിന്തും
ദീനമെപ്പൊഴുതിട്ടുമേവരും [ദുഃഖത്തിൻ ലോകം]

II ശക്തരായ് രാജാക്കന്മാർ
നിലയ്ക്കാത്ത ഭാഗ്യം വന്നാൽ
ശക്തരേവരും ദീനരേവരും
രക്തൻ നിൻ നായകൻ ഞാൻ [ദുഃഖത്തിൻ ലോകം]

III ആശ്വാസ നിന്നെ ദുഃഖിപ്പിക്കില്ല
നാശി നിന്മേൽ കവിയുകയില്ല
മരണത്തിൻ നാഥനാം ഞാൻ
അവിടെയും നടകൊണ്ടോൻ ഞാൻ [ദുഃഖത്തിൻ ലോകം]

IV കൂരിരുൾ പാതയിൽ നീ
നടന്നാൽ വെളിച്ചമായവൻ നിനക്കു
കൂടിനു വരും തൻ കോലും വടിയും
കൂടെന്നും ആശ്വാസമായ്. [ദുഃഖത്തിൻ ലോകം]

V. ഭൂമിയും വിണ്ണിയും ഒഴിഞ്ഞു പോകും
നിലനിൽക്കും തൻ വചനം
മരണം മാറും നാം വാഴും ജീവനിൽ
തൻ കൃപ പുനരുത്ഥാനമായ്. [ജീവിതത്തിൻ പ്രവാഹം]











# MARANATHA CONVENTION NEWS

## മാറാനാഥാ കൺവെൻഷൻ

മാറാനാഥാ ഫുൾ ഗോസ്പൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടന്ന നാല് ദിവസത്തെ കൺവെൻഷൻ ആത്മാഭിഷേകത്തിന്റെ നിറവായിരുന്നു. പാസ്റ്റർ ഫിന്നി സ്റ്റീഫൻ പ്രാസംഗികനായിരുന്നു. ആന്തരിക സൗഖ്യമെന്ന വിഷയത്തെ കുറിച്ചുള്ള ക്ലാസ്സുകൾ വിശ്വാസികൾക്ക് അനുഗ്രഹമായിരുന്നു. മാറാനാഥാ മെലഡി ഫെലോഷിപ്പ് ഗാനങ്ങളാലപിച്ചു. ആരാധനാ യോഗം ബ്രദർ ജിജോ, പാസ്റ്റർ അനിൽ, ഇവാഞ്ചലിസ്റ്റ്. ഷിബു ജോർജ്, ഷിജു എന്നിവർ നയിച്ചു.

ഏതൊരു ദൈവിക പ്രവൃത്തി വെളിപ്പെടുമ്പോഴും അതിന്റെ പിന്നിൽ വിലകൊടുക്കുന്ന ചില ജീവിതങ്ങളുടെ തീർച്ചയായും കാണും എന്ന് പാസ്റ്റർ. ഫിന്നി കൂടി പറഞ്ഞു. ചിട്ടയായ ചെയിൻ പ്രെയർ കൺവെൻഷന് ഒരു അനുഗ്രഹവും അനേകർക്ക് വിടുതലും ദൈവത്തിൽ വസിക്കുന്നതിനും കാരണമായി.